

17-09-2021

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -17/09/2021

1. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ (യുവതി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ മുതലായവയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. തുടർ പരിശീലന പരിപാടിയുടെ ഭാഗമായിട്ടുള്ള ആദ്യത്തെ ക്ലാസ്സ് ഈ മാസം 22-നു (സെപ്റ്റംബർ 22 നു) നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 22-നു മുമ്പ് **0460 –2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി ഈ മാസം 30 (**സെപ്റ്റംബർ 30**). കൂടുതൽ വിവരങ്ങൾക്ക് **0471–2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം കഴക്കൂട്ടത്ത് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറിയിൽ ഗുണനിലവാരമുള്ള ഡബ്ല്യൂ സി റ്റി (WCT) ഇനം തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ പ്രവർത്തി സമയം നേരിട്ട് സമീപിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കൽപറ്റ ബ്ലോക്ക് പരിധിയിലെ കൃഷിഭവനുകൾ വഴി പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകരിൽ നിന്നും കേടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങ് ഒന്നിന് 1000 രൂപ നിരക്കിൽ ധനസഹായം നൽകും. താൽപര്യമുള്ള കർഷകർ ഈ മാസം 20 നു (സെപ്തംബർ 20 നു) മുമ്പായി അതാത് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിക്കണമെന്ന് കൽപറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

5. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു (സെപ്റ്റംബർ 17) വരെ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വിൽപ്പനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (17/09/2021-നു) വൈകിട്ട് 7 മണി മുതൽ **വാഴപഴത്തിന്റെ വ്യാവസായിക പ്രാധാന്യവും മൂല്യ വർദ്ധിത ഉൽപന്നങ്ങളും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17/09/2021 ന്) രാവിലെ 10.30 മണിക്ക് **അന്യസംസ്ഥാനങ്ങളിൽ നി.ന്നും പശുക്കളെ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/uei-vphp-gni എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17/09/2021 നു ) രാവിലെ 11 മണിക്ക് **ചലഞ്ച് ഫീഡിങ്ങ് സാധ്യതകൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0481- 2302223 / 9447824520 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

10. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (സെപ്റ്റംബർ 17 ന്) രാവിലെ 11 മണിക്ക് **ഗുണമേന്മയുള്ള പാലുൽപാദനം- ക്ഷീരകർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https:/meet.google.com/esm-uyaj-pni എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalathur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

11. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 17-ന്) കുടുംബശ്രീ അംഗങ്ങൾക്ക് **പാക്കിങ്ങ് ആന്റ് ലേബലിംഗ്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **8157877977** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. കേരള കാർഷിക സർവ്വകലാശാലയുടെ വേങ്ങേരിയിലുള്ള കാർഷിക വിജ്ഞാന-വിപണന കേന്ദ്രവും വേങ്ങേരി കർഷക പരിശീലന കേന്ദ്രവും സംയുക്തമായി കോഴിക്കോട് ജില്ലയിലെ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കർഷകർക്കായി ഇന്ന് (17 സെപ്റ്റംബർ ) രാവിലെ 11 മണിയ്ക്ക് '**തെങ്ങ്-മഴക്കാല പരിചരണം, രോഗ കീട നിയന്ത്രണം**' എന്ന വിഷയത്തിൽ പ്രത്യേക ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https://meet.google.com/kgc-edkh-qpd എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം.

13. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (സെപ്റ്റംബർ 18ന്) ശനി വൈകീട്ട് 7 മണി മുതൽ "**ഓമനപ്പക്ഷികളിലെ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 0494-2962296 എന്നനമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.